പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 188 **27-10-2026-ൽ മറുപടിയ്ക്ക്**

വിദ്യാർത്ഥി സംഘടനാ പ്രവർത്തകർക്കെതിരെയുള്ള ഭീഷണി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിജിൻ

ശ്രീ. വി. ജോയി

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. കെ. യു. ജനീഷ് കുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ഒരു വിദ്യാർത്ഥി സംഘടനയുടെ നേതാവിനെ ഫോണിലൂടെ ഭീഷണിപ്പെടുത്തിയെന്ന ആരോപണവും ഇതുസംബന്ധിച്ച ശബ്ദരേഖ സമൂഹമാധ്യമങ്ങളിലൂടെ പ്രചരിച്ച സംഭവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) പ്രസ്തുത സംഭവത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ അന്വേഷണം നടത്തിയിരുന്നോ; അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തെല്ലാമാണ് ; അന്വേഷണത്തെ തുടർന്ന് ഈ ഉദ്യോഗസ്ഥനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

മറുപടി: പ്രസ്തുത സംഭവത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതും ടിയാൻ മറുപടി സമർപ്പിച്ചിട്ടുള്ളതും Personnel Hearing - ന് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. നിലവിൽ ടി ഉദ്യോഗസ്ഥൻ ലീവിലാണ്. ലീവ് കഴിഞ്ഞു വരുന്ന മുറയ്ക്ക് Personnel Hearing നടത്തി ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്

(സി) സമരത്തിൽ പങ്കെടുത്തവരെ രാഷ്ട്രീയ പാർട്ടികളുടെയോ വിദ്യാർത്ഥി സംഘടനകളുടെയോ ഓഫീസുകളിലും വീടുകളിലും കയറി അറസ്റ്റ് ചെയ്യണം എന്ന നിർദ്ദേശം പോലീസിന് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ഇല്ല.

(ഡി) വിദ്യാർത്ഥി സംഘടനാ പ്രവർത്തകർക്ക് കന്റോൺമെന്റ് എസ്.ഐ., സി.ഐ. എന്നിവർ നവമാധ്യമങ്ങളിലൂടെ അശ്ലീലച്ചുവയുള്ള സന്ദേശങ്ങൾ അയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അനുചിതമായ പ്രവൃത്തികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ